പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 77 | 30.06.2015 ൽ മറുപടിക്ക് |
|---|---|

അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളും പഴങ്ങളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ<br>" വി.ശിവൻകുട്ടി<br>" എ. പ്രദീപ്കുമാർ<br>" സാജു പോൾ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നാണ് ഉറപ്പ്നല്കിയിരുന്നത്; ഇതിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട്; | എ)<br>&<br>ബി) | സംസ്ഥാനത്തേക്ക് കൂടുതൽ പച്ചക്കറി എത്തുന്ന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുവാനും കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമാണ് ഉറപ്പ് നൽകിയിരുന്നത്. ടി ഉറപ്പിന്റെയും മേൽവിഷയത്തിന്റെ ഗൗരവവും ഉൾക്കൊണ്ട് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.11.2014 ൽ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാകമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷികകോളേജിലെ പ്രൊഫ ഡോ.ബിജു തോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതലകമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ്കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണമൊത്തക്കച്ചവടമേഖലകൾ |
| ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുവാൻ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ; | | |

| | | | |
|---|---|---|---|
| | | | നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സർക്കാരിലേക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഉന്നതതലകമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്തെ പച്ചക്കറി മൊത്ത വ്യാപാരികളുടെ ഒരു അടിയന്തിരയോഗം തിരുവനന്തപുരത്ത് വിളിച്ചുചേർക്കുവാൻ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പനനികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ ഭക്ഷ്യസുരക്ഷാകമ്മീഷണറും കൃഷി വകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകവുമായ ചർച്ച ഉടൻ തന്നെ സംഘടിപ്പിക്കുന്നതാണ്. |
| സി) | വിഷമയമായ സാധനങ്ങൾ വിൽക്കുന്ന മൊത്തക്കച്ചവടക്കാർക്കും മറ്റുമെതിരെ കർശന നടപടി സ്വീകരിക്കുമോ; | സി) | 2006 ലെ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള സംവിധാനങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്നും അതിനു വരുന്ന ചെലവ് എത്രയെന്നും അറിയിക്കുമോ? | ഡി) | നിലവിൽ സംസ്ഥാനത്ത് വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ ടി സംവിധാനം ലഭ്യമായിട്ടുള്ളതും കൂടാതെ എഫ്.എസ്.എസ്.എ.ഐ അംഗീകാരമുള്ള എറണാകുളത്തു സ്ഥിതി ചെയ്യുന്ന സ്റ്റെർലിംഗ് ടെസ്റ്റ് ലാബിലും ലഭ്യമാണ്. 4000 മുതൽ 8000 രൂപ വരെയാണ് ഓരോ സാമ്പിളിനും പരിശോധനയ്ക്കായി നിലവിൽ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ